# വിശ്വാസ് നിയമ വേദി പാവപെട്ട സ്ത്രീകൾക്ക് അത്താണി; അസിസ്റ്റന്റ് കലക്ടർ ഡോ. അശ്വതി ശ്രീനിവാസ്




ജില്ലയിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയ അസിസ്റ്റന്റ് കലക്ടർ ഡോ. അശ്വതി ശ്രീനിവാസിന് വിശ്വാസ് നിയമവേദി ചെയർപേഴ്സൺ അഡ്വ. എസ്. ശാന്തദേവി ഉപഹാരം സമർപ്പിക്കുന്നു

സ്ത്രീകൾക്ക് സൗജന്യ നിയമസഹായം നൽകുന്ന വിശ്വാസ് നിയമവേദി പാവപെട്ട സ്ത്രീകൾകൾക്കൊരു അത്താണിയാണെന്ന് അസിസ്റ്റന്റ് കലക്ടർ ഡോ. അശ്വതി ശ്രീനിവാസ്. വിശ്വാസ് നിയമവേദിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അസിസ്റ്റന്റ് കലക്ടർ. കഴിഞ്ഞ വർഷം നൂറിലധികം പരാതികൾ ലഭിച്ചതായും ഗാർഹിക പീഡന പരാതികളടക്കമുള്ള പരാതികൾ സൗജന്യമായി കോടതികളിൽ ഫയൽ ചെയ്തിട്ടുള്ളതായും വിശ്വാസ് നിയമവേദി കൺവീനർ അഡ്വ. കെ. വിജയ അറിയിച്ചു. ജില്ലയിൽ നിന്ന് പരിശീലനം കഴിഞ്ഞു തിരിച്ചു പോകുന്ന അസിസ്റ്റന്റ് കലക്ടർക്ക് വിശ്വാസ് നിയമവേദി ചെയർപേഴ്സൺ അഡ്വ. എസ്. ശാന്തദേവി ഉപഹാരം സമർപ്പിച്ചു. വിശ്വാസ് നിയമവേദി ചെയർപേഴ്സൺ അഡ്വ. എസ്. ശാന്തദേവിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാലക്കാട് ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ.കെ. സുധീർ, മുൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ഇ. ലത, അഡ്വ. എൻ. രാഖി, അഡ്വ. അജയ് കൃഷ്ണൻ, അഡ്വ. ദിൽബി ജോസഫ്, വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, കൺവീനർ അഡ്വ. കെ. വിജയ എന്നിവർ സംസാരിച്ചു. സ്ത്രീകൾക്ക് സൗജന്യ നിയമ സഹായം ലഭിക്കാൻ സിവിൽ സ്റ്റേഷനിലെ വിശ്വാസ് ഓഫീസുമായോ 9400933444 എന്ന നമ്പറിലോ ബന്ധപെടാം.

സായാഹ്നം